LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തെ എക്സൈസ് നയം

111 [274] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഈ സാമ്പത്തിക വർഷത്തെ എക്സൈസ് നയത്തിന് രൂപം നൽകിയോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നയം സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിരുന്നുവോ;

(സി) പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ കരട് നയത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 18-3-2004-ലെ സ.ഉ. (എംഎസ്.) നമ്പർ 30/2004 നി.വ. പ്രകാരം ഈ സാമ്പത്തിക വർഷത്തെ എക്സൈസ് നയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ചർച്ച നടത്തിയിരുന്നു.

(സി) ചർച്ചയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് നയത്തിന് രൂപം നൽകിയിട്ടുള്ളത്.

ബിവറേജസ് കോർപ്പറേഷൻവഴി സംസ്ഥാനത്ത് വിറ്റഴിച്ച മദ്യം

112 [275] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ബിവറേജസ് കോർപ്പറേഷൻ വഴി എത്ര രൂപയുടെ മദ്യം സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടുവെന്നും മദ്യവിൽപ്പനയിലൂടെ ബിവറേജസ് കോർപ്പറേഷൻ എത്ര രൂപയുടെ ലാഭം ഉണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) വിവിധ മദ്യകമ്പനികളിൽ നിന്നും മദ്യം വാങ്ങുന്നതിന് ബിവറേജസ് കോർപ്പറേഷൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) മദ്യകമ്പനികളിൽ നിന്നും ബിവറേജസ് കോർപ്പറേഷനിലെ ഉന്നത ഉദ്യോഗസ്ഥന്മാർ കമ്മീഷൻ വാങ്ങുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയെപ്പറ്റി ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയതെന്നും അന്വേഷണംഫലം എന്താണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) 2071.32 കോടി രൂപയുടെ മദ്യം വിറ്റഴിച്ചതിലൂടെ 9.69 കോടി രൂപയുടെ ലാഭം ഉണ്ടായതായി കണക്കാക്കുന്നു.

(ബി) ഓരോ സാമ്പത്തിക വർഷവും മദ്യകമ്പനികളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചാണ് അതാത് വർഷത്തേയ്ക്ക് ബിവറേജസ് കോർപ്പറേഷൻ മദ്യം നൽകുന്നതിനുള്ള കമ്പനികളുടെ പട്ടിക തയ്യാറാക്കുന്നത്. ടെൻഡറുകൾക്കൊപ്പം നിരതദ്രവ്യമായി 10 ലക്ഷം രൂപയും ഓരോ കമ്പനിയും കോർപ്പറേഷനിൽ കെട്ടിവെയ്ക്കേണ്ടതുണ്ട്. പട്ടിക തയ്യാറാക്കിക്കഴിഞ്ഞാൽ അത് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ഡയറക്ടർ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ കമ്പനികൾക്ക് ഓർഡർ നൽകുന്നത് അതത് കമ്പനികളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് അനുസൃതമായിട്ടാണ്, ഓരോ മാസവും, ഓരോ മദ്യ കമ്പനികൾക്കും നൽകേണ്ട ഓർഡറിന്റെ അർഹത തൊട്ടു മുമ്പിലെ മൂന്നു മാസത്തെ അതത് കമ്പനികളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയുടെ ശരാശരിയാണ്. പകരത്തിന് പുനഃസംഭരണം എന്ന മാനദണ്ഡമാണ് സർക്കാർ നിർദ്ദേശപ്രകാരം കോർപ്പറേഷൻ പിൻതുടർന്ന് വരുന്നത്. പുതിയതായി പട്ടികയിൽപ്പെടുന്ന മദ്യകമ്പനികൾക്ക് 3 മാസത്തെ വിൽപ്പനയുടെ ശരാശരി സാധ്യമാകാത്തതിനാൽ പ്രാരംഭ ഓർഡർ ആയി വിദേശ മദ്യത്തിന് 11,000 കെയ്സുകൾക്കും ബിയറിന് 11,050 കെയ്സുകൾക്കും ഓർഡർ നൽകാറുണ്ട്. ഈ ഓർഡറിന് ആദ്യത്തെ മൂന്നു മാസത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും.

(സി) ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനവുമായി യാതൊരു ബന്ധവുമില്ലാത്ത ചിലർ ദുരുദ്ദേശത്തോടുകൂടി ഇത്തരം ഒരു വാർത്ത പ്രചരിപ്പിക്കാൻ ശ്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2001 ഏപ്രിൽ മാസം മുതൽ സംസ്ഥാനത്തെ വിദേശമദ്യ വിൽപ്പനശാലകൾ സർക്കാർ ഏജൻസികളായ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനും, കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷനുമാണ് നടത്തിവരുന്നത്. വിദേശമദ്യ വിൽപ്പനശാലകൾ സർക്കാർ ഏറ്റെടുക്കുന്നതിനു മുമ്പ് മദ്യകമ്പനികൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ സ്വകാര്യവ്യക്തികൾ കരാറടിസ്ഥാനത്തിൽ നടത്തിയിരുന്ന മദ്യവിൽപ്പനശാലകളിലൂടെ വിറ്റഴിക്കുന്നതിന് ഇൻസെന്റീവ് നൽകിയിരുന്നു. പൂർണ്ണമായും വിൽക്കാം എന്ന നിബന്ധനയോടെ ഒരു പൂർണ്ണമായ വിൽപ്പനയുടെ ഭാഗമായി സ്വന്തം വിൽപ്പന വർദ്ധിപ്പിക്കാനായി ചില കമ്പനികൾ നൽകുന്ന പാരിതോഷികമാണ് ഇൻസെന്റീവ് എന്ന് വിളിക്കപ്പെടുന്നത്.

മദ്യകമ്പനികൾ ഇപ്പോഴും ഇത്തരം ഇൻസെന്റീവുകൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ബാർ ഉടമകൾക്ക് നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഇൻസെന്റീവ് നൽകിയാൽ ഏറ്റവും കൂടുതൽ ഇൻസെന്റീവ് നൽകുന്ന രണ്ടോ മൂന്നോ കമ്പനികളുടെ മദ്യം മാത്രം ഉപഭോക്താക്കളുടെ മേൽ അടിച്ചേൽപ്പിക്കും വിധം ഈ മദ്യകമ്പനികളുടെ ഉൽപ്പന്നങ്ങൾ പ്രമോട്ടു ചെയ്യേണ്ടിവരും. പൊതു

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ വിദേശമദ്യ വിൽപ്പനശാലകൾ ആരംഭിച്ചതു മുതൽ സ്വകാര്യ വ്യക്തികൾ കൈപ്പറ്റിയിരുന്ന ഇൻസെന്റീവ് വാങ്ങൽ അഴിമതി നിവാരണ നിയമത്തിന്റെ (Prevention of Corruption Act) പരിധിയിൽ വരുന്നതാണ്. കോർപ്പറേഷൻ രൂപീകരിച്ച 1984 മുതൽ തന്നെ ഇൻസെന്റീവ് ഇനത്തിൽ ഒരു കമ്പനിയിൽ നിന്നും കോർപ്പറേഷൻ ഒരു തുകയും വാങ്ങിയിട്ടില്ല. അതിനു കാരണം ഒരു പൊതുമേഖലാ സ്ഥാപനം ഇത്തരം പണം വാങ്ങുന്നത് ക്രിമിനൽ കുറ്റമായതു കൊണ്ടു തന്നെയാണ്. ഒരു കരാറിൽ പൊതുവായി ഏർപ്പെട്ടതിനുശേഷം ഏതെങ്കിലും ചില കമ്പനികളുടെ മാത്രം ഉൽപ്പന്നങ്ങൾ പ്രമോട്ടു ചെയ്യുന്നത് ആ കമ്പനികളെ മാത്രം സഹായിക്കുന്നതും വിവേചനാധികാരം അവർക്കുവേണ്ടി മാത്രം ദുരുപയോഗം ചെയ്യുന്നതുമായി കണക്കാക്കപ്പെടുന്നതാണ്. കൂടാതെ ഉപഭോക്താവിന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും കൂടുതൽ പണം കൊടുക്കാൻ തയ്യാറുള്ള കമ്പനികൾ മാത്രം ഏതുവിധത്തിലുള്ള മോശമായ ഉൽപ്പന്നങ്ങളുമായി മാർക്കറ്റ് അടക്കി ഭരിക്കാൻ ഇടയാകുകയും ചെയ്യും. വർഷംതോറും വിളിക്കുന്ന ടെൻഡറുകൾ വഴി ഉറപ്പിക്കുന്ന കരാർ പ്രകാരം മദ്യത്തിന്റെ മൊത്തവിപണനം നിയന്ത്രിക്കുന്ന ബിവറേജസ് കോർപ്പറേഷനു മുകളിൽ പറയുന്ന രീതിയിലുള്ള ഇൻസെന്റീവ് നിയമപരമായോ ധാർമ്മികമായോ വാങ്ങിക്കാൻ സാധ്യമല്ല. ഇൻസെന്റീവ് സ്വീകരിച്ച് മദ്യം വാങ്ങിയാൽ ആ നിമിഷം മുതൽ ആ മദ്യം വിറ്റഴിക്കേണ്ട പൂർണ്ണ ഉത്തരവാദിത്വം ഇൻസെന്റീവ് വാങ്ങിയവർക്കാണ്. ഇതിൽ വിറ്റഴിക്കാൻ കഴിയാതെ വരുന്ന മുഴുവൻ മദ്യത്തിന്റെയും നികുതി അടക്കമുള്ള നഷ്ടം സഹിക്കേണ്ടി വരുന്നത് ഇൻസെന്റീവ് വാങ്ങിയവരാണ്. ബാറുകൾ, കൺസ്യൂമർഫെഡ് എന്നിവർ മദ്യം വാങ്ങുന്നത് ഈ രീതിയിലാണ്. അവർ വാങ്ങുന്ന മദ്യം കേടായാലോ വിൽപ്പന നടത്താൻ കഴിയാതെ വന്നാലോ അതിന്റെ നഷ്ടം അവർ തന്നെ വഹിക്കേണ്ടിവരും.

ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്നത് വർഷാവർഷങ്ങളിൽ ഉണ്ടാകുന്ന കോൺട്രാക്ട് പ്രകാരം മദ്യം വിൽക്കുന്നതിന് കോർപ്പറേഷന്റെ ഗോഡൗണുകളും ഷോപ്പുകളും സൗകര്യപ്പെടുത്തിക്കൊടുക്കുന്നു എന്ന നിലയിലാണ്. കോർപ്പറേഷന്റെ ഗോഡൗണുകളിലും ഷോപ്പുകളിലും ഇരിക്കുന്ന മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി മാത്രമേ കോർപ്പറേഷന്റേതായിട്ടുള്ളൂ. ഇതിന്റെ പൂർണ്ണ ഉടമസ്ഥാവകാശവും ചുമതലയും അതതു മദ്യകമ്പനികൾക്കുതന്നെയാണ്. അല്ലാത്തപക്ഷം കേടായ മദ്യത്തിന്റെയും വിൽപ്പനയാകാത്ത മദ്യത്തിന്റെയും മുഴുവൻ നഷ്ടവും കോർപ്പറേഷൻ സഹിക്കേണ്ടിവരും. ഇത് ഏതൊരു ഇൻസെന്റീവിനേക്കാളും പതിന്മടങ്ങ് വരും. ബിവറേജസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം കോർപ്പറേഷൻ ഗോഡൗണുകളിലും ഷോപ്പുകളിലുമുള്ള മദ്യത്തിന്റെ ഉടമ അതാതു മദ്യകമ്പനികളായാണ് കണക്കാക്കുന്നത്. വിൽക്കാൻ കഴിയാതെയോ, കേടായതോ ആയ എല്ലാ മദ്യത്തിന്റെയും നികുതി അടക്കമുള്ള മദ്യത്തിന്റെ നഷ്ടം സഹിക്കേണ്ടി വരുന്നത് അതത് കമ്പനികളാണ്. ഈ നിലപാട് തന്നെയാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും കോർപ്പറേഷൻ സ്വീകരിച്ചതും ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ചതും.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിലപാട് തന്നെയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത്. ഇതല്ലാതെ ഇൻസെന്റീവ് വാങ്ങി മദ്യം ഏതെങ്കിലും കമ്പനിയിൽ നിന്ന് വാങ്ങിയാൽ അത് തികച്ചും നിയമവിരുദ്ധമായിരിക്കും. എന്നു മാത്രമല്ല, കോർപ്പറേഷന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുന്നതുമായിരിക്കും. ഉദാഹരണത്തിന് 100 ലക്ഷം കെയ്സ് മദ്യം കെ.എസ്.ബി.സി. ഇൻസെന്റീവ് പ്രകാരം വാങ്ങിയെന്നിരിക്കട്ടെ. ഒരു കെയ്സിന് 40 രൂപ പ്രകാരം ഇൻസെന്റീവ് കിട്ടിയാൽ 40 കോടി രൂപയായിരിക്കും ഈ ഇനത്തിൽ കിട്ടുക. ഇങ്ങനെ വാങ്ങിയ മദ്യത്തിന്റെ 10 ശതമാനം (പത്തു ലക്ഷം കെയ്സ്) കേടാകുകയോ, വിൽപ്പന നടത്താൻ കഴിയാതെ വരുകയോ ചെയ്താൽ കോർപ്പറേഷനുണ്ടാകുന്ന നഷ്ടം 150 കോടി രൂപയോളം വരും. അതായത് ഇൻസെന്റീവ് വാങ്ങുന്നത് കെ.എസ്.ബി.സി.-യെ പോലെയുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം നിയമ വിരുദ്ധമാണെന്ന് മാത്രമല്ല, അടിസ്ഥാനപരമായ മാനേജ്മെന്റ് തത്വങ്ങൾക്കെതിരുമാണ്.

കോർപ്പറേഷന്റെ സാമ്പത്തികവും, സ്വത്തിന്റെ നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങൾ വർഷാവർഷം അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് നടത്തുകയും, ആഡിറ്റിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതുവരെയും കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ എന്തെങ്കിലും സാമ്പത്തിക ക്രമക്കേട് നടത്തിയതായിട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടുകളിൽ ഒന്നിൽപ്പോലും പരാമർശിച്ചിട്ടില്ല.

ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിച്ച മദ്യം

113 [276] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വഴി 2003-2004 സാമ്പത്തികവർഷത്തിൽ വിറ്റഴിച്ച വിദേശമദ്യം എത്രയാണെന്ന് വ്യക്തമാക്കുമോ; ഇവയുടെ ഇനം തിരിച്ചുള്ള വിറ്റുവരവ് എത്രയാണ്;

(ബി) 2003-2004 സാമ്പത്തികവർഷത്തിൽ കള്ളു വ്യവസായത്തിൽ നിന്ന് സർക്കാരിനു ലഭിച്ച വരുമാനം എത്രയാണ്?

ഉത്തരം

(എ) 2003-2004 സാമ്പത്തികവർഷത്തിൽ 1911.57 കോടി രൂപയുടെ 105.98 ലക്ഷം കെയ്സ് വിദേശമദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിറ്റു വരവിന്റെ വിവരം ശേഖരിച്ചുവരുന്നു.

(ബി) 17.98 കോടി രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly